"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - 2024-25 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ- ഭരണാനുമതി/ധനവിനിയോഗാനുമതി നൽകുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.261/2024/CLAD തീയതി,തിരുവനന്തപുരം, 27-05-2024

പരാമർശം:-
1. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 02.05.2024-ലെ പി4-650/24/ സാം.വ നമ്പർ കത്ത്
2. 04.05.2023 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം മുഖേന 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി/ധനവിനിയോഗാനുമതി നൽകുന്നതിനായി പരാമർശം (1) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രൊപ്പസലുകൾ സമർപ്പിച്ചിരുന്നു. പരാമർശം(2) പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പസലുകൾ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. താഴെപ്പറയുന്ന പദ്ധതികൾ ചുവടെ പറയും പ്രകാരമുള്ള വിശദമായ പദ്ധതി ഘടകൾക്കായി വിനിയോഗിക്കുന്നതിന് സാംസ്കാരിക വകപ്പ് ഡയറക്ടർക്ക്/ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ഭരണാനുമതി/ധനവിനിയോഗാനുമതി നൽകിയും ഉത്തരവാകുന്നു.

**1. കലാകാരന്മാരുടെ ഉപജീവനം/റൂറൽ ആർട്ട് ഹബ്ബുകൾ**

**ബഡ്ജറ്റ് ശീർഷകം : 2205-00-102-71 ( പ്ലാൻ)**

**തുക : ₹ 2,75,00,000/-( രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)**

**പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരികവകുപ്പദ്ധ്യക്ഷ കാര്യാലയം, വാസ്തുവിദ്യാ ഗുരുകുലം**

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവുകൾ : സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023, സ.ഉ.(സാധാ) നം.506/2023/സാം.കാ.വ. തീയതി 26.09.2023 )

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്വയം സഹായ സംഘങ്ങളുടേയും ഉൽപാദന കേന്ദ്രങ്ങളുടേയും രൂപീകരണം | 100 |
| 2 | വിപണി വികസനവും ഓൺലൈൻ മാർക്കറ്റിംഗും ഡിജിറ്റൽ മാർക്കറ്റിംഗും | 50 |
| 3 | നൈപുണ്യ വികസനം, വർക്ക് ഷോപ്പ് ട്രെയിനിംഗും | 25 |
| 4 | ഡിസൈൻ നവീകരണവും മൂല്യവർദ്ധനയും | 10 |
| 5 | നിർവ്വഹണ ഏജൻസിക്കുള്ള പദ്ധതി നിർവ്വഹണ ചെലവുകൾ | 25 |
| 6 | എക്സിബിഷനുകൾ,ട്രേഡ് ഫെയർ,കോ-ഓർഡിനേറ്ററുടെ ഒരു വർഷത്തെ വേതനം,യാത്ര അനുബന്ധ ചെലവുകൾ,വകുപ്പ് തല ഏകോപനം | 60 |
| 7 | മറ്റിനങ്ങൾ | 05 |
| ആകെ | | 275.00 |

<u>2 . സാംസ്കാരിക ഡയറക്ടറേറ്റിന്റെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക സമുച്ചയങ്ങളുടെ പരിപാലനം (പുതിയ പദ്ധതി)</u>

<u>ബഡ്ജറ്റ് ശീർഷകം : 2205-00-102-49 ( പ്ലാൻ)</u>

<u>തുക : ₹20,00,000/-( ഇരുപത് ലക്ഷം രൂപ മാത്രം)</u>

<u>പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം</u>

സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും പൈതൃകം സംരക്ഷിക്കുന്നതിലും സാംസ്കാരിക ഡയറക്ടറേറ്റ് സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ സേവനങ്ങൾ എല്ലാവർക്കും

പ്രാപ്യമാണെന്ന് ഉറപ്പാക്കാൻ, ഭിന്നശേഷിക്കാർ ഉൾപ്പെടയുള്ളവരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ളവരുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുന്ന മികച്ച ആധുനികവത്ക്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച സേവനം ലഭ്യമാക്കുന്നതിനും അവരുടെ സാംസ്കാരിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും ഉപകരിക്കും.

അതുപോലെ തന്നെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.എസ്.എഫ്.ഡി.സി-ആണ് പല ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സാംസ്കാരിക സമുച്ചയങ്ങൾ വകുപ്പിന് കൈമാറുമ്പോൾ സാംസ്കാരിക സമുച്ചയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ദൈനംദിന ചെലവുകൾക്കുമായി തുക ആവശ്യമാണ്. ഇത്തരത്തിൽ നിർമ്മാണം പൂർത്തിയായ കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിനും നിർമ്മാണ പ്രക്രിയ അന്തിമ ഘട്ടത്തിലായ പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങൾക്കും ഇപ്രകാരം പരിപാലനത്തിന് തുക ആവശ്യമാണ്. മേൽ സാഹചര്യത്തിൽ ഈ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ നിന്നും 20 ലക്ഷം രൂപ വിനിയോഗിച്ച് ചുവടെ ചേർത്തിരിക്കുന്ന വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

| ക്രമ നം | ഇന വിവരം | തുക<br>(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സാംസ്കാരിക ഡയറക്ടറേറ്റിൽ ആധുനികവത്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിനും ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ളവരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതുമായ ഡയറക്ടറേറ്റിന്റെ നവീകരണം. | 5 |
| 2 | നിർമ്മാണം പൂർത്തിയായ കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന ചെലവുകൾ, നിർമ്മാണ പ്രക്രിയ അന്തിമ ഘട്ടത്തിലായ പാല്ക്കാട്, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ | 15 |

| | | |
|---|---|---|
| | പരിപാലനചെലവുകൾ | |
| | ആകെ | 20 ലക്ഷം |

3. <u>**കേരള സംസ്കാരത്തിന്റെ വ്യാപനം**</u>

<u>ബഡ്ജറ്റ് ശീർഷകം : 2205-00-102-18 (പ്ലാൻ)</u>

<u>തുക : ₹100,00,000( ഒരു കോടി രൂപ മാത്രം)</u>

<u>പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം</u>

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്: സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023, സ.ഉ.(സാധാ) നം.613/2023/സാം.കാ.വ. തീയതി 22.11.2023)**

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സാംസ്കാരിക വകുപ്പിന്റെ വെബ് സൈറ്റിന്റെ ഡിജിറ്റൽ അപ്ഡേഷൻ | 25 |
| 2 | ദേശീയ, അന്തർദേശീയ സാംസ്കാരിക വിനിമയ പരിപാടികൾ (പൈതൃകോത്സവം, ഉത്സവം 2024) | 40 |
| 3 | കേരള സംസ്കാരത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക, ശില്പശാലകൾ, മേളകൾ, സെമിനാറുകൾ, പ്രചാരണം, വിവിധ കലാപരിപാടികൾ, യാത്രാനുബന്ധ ചെലവുകൾ, വാസ്തുശില്പ-ചുമർചിത്ര പെരുമകളെ പറ്റിയുള്ള സചിത്ര ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം. | 35 |
| **ആകെ** | | **100** |

4. <u>**സാംസ്കാരിക ഡയറക്ടറേറ്റിലെ ഇ-ഫയലിംഗ് സംവിധാനം**</u>

<u>ബഡ്ജറ്റ് ശീർഷകം: 2205-00-102-57 (പ്ലാൻ)</u>

<u>തുക : ₹20,00,000/- രൂപ ( ഇരുപത് ലക്ഷം രൂപ മാത്രം)</u>

<u>പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം</u>

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്: സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023)**

പദ്ധതി നിർവ്വഹണം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായിരിക്കണമെന്ന നിബന്ധനയോടെ താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ( to be implemented by CDIT) ( രണ്ടാം ഗഡു) | 10 |
| 2 | ഫിസിക്കൽ ഫയലുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും സാങ്കേതിക സഹായത്തിനും വേണ്ടി വരുന്ന ചെലവ് . | 03 |
| 3 | കമ്പ്യൂട്ടർ, ഐ.ടി ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിന് | 06 |
| 4 | മറ്റ് അനുബന്ധ ചെലവുകൾ | 01 |
| **ആകെ** | | **20** |

5. <u>**യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്**</u>

<u>**ബഡ്ജറ്റ് ശീർഷകം :- 2205-00-102-79 (പ്ലാൻ)**</u>

<u>**തുക : ₹13,00,00,000 (പതിമൂന്ന് കോടി രൂപ മാത്രം)**</u>

<u>പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം</u>

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്- സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023, സ.ഉ(സാധാ)നം.426/2023/സാം.ക.വ തീയതി 17.08.2023 , സ.ഉ.(സാധാ)**

നം.593/2023/സാം.കാ.വ. തീയതി 13.11.2023)

പദ്ധതി നിർവ്വഹണം വിലയിരുത്തുന്നതായി ഡയറക്ടേറ്റ് തലത്തിൽ ഒരു സംവിധാനം രൂപീകരിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ഡയറക്ടേറ്റിൽ നിന്നും മറ്റ് അക്കാദമികളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ യോഗം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആയതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണെന്ന വ്യവസ്ഥകളോടു കൂടി അനുമതി നൽകുന്നു.

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കലാകാരന്മാർക്കുള്ള പ്രതിമാസ ഫെലോഷിപ്പ് വിതരണം | 1100 |
| 2 | പരിശീലനം, പരിശീലന സാമഗ്രികൾ | 15 |
| 3 | പദ്ധതി ഏകോപനം ( ക്ലസ്റ്റർ കൺവീനർക്കും , ജില്ലാ കോ-ഓർഡിനേറ്റർക്കും പ്രതിഫലം യാത്രാനുബന്ധ ചെലവുകൾ ) | 50 |
| 4 | ജില്ലാതല ക്ലസ്റ്റർ അവലോകന യോഗങ്ങൾ | 10 |
| 5 | പ്രാദേശിക കലാപ്രകടനം, സംഘാടനം | 33 |
| 6 | സംഗീതോപകരണങ്ങൾ, പരിശീലന സാമഗ്രികൾ | 30 |
| 7 | വാഹന യാത്രാനുബന്ധ ചെലവ് | 10 |
| 8 | പ്രചാരണം, പ്രസിദ്ധീകരണം, പ്രമോഷൻ, തെരഞ്ഞെടുപ്പ് പ്രക്രിയ | 25 |
| 9 | സംസ്ഥാനതല കോ-ഓർഡിനേറ്റർ നിയമനം | 07 |
| 10 | ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കൽ | 10 |
| 11 | മറ്റിനങ്ങൾ | 10 |
| **ആകെ** | | **1300** |

6.<u>കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം (ഹോംസ്റ്റേ) /കലാഗ്രാമം</u>

<u>ബഡ്ജറ്റ് ശീർഷകം :- 4202-04-800-84(പ്ലാൻ)</u>

തുക : ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം)

പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ് - സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023 )

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രാരംഭ ചെലവുകൾക്ക് ഒരു ഏജൻസിയെ കണ്ടെത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് | 10 |
| | **ആകെ** | **10** |

7 . ഗോത്ര കലയുടെയും സംസ്കാരത്തിന്റെയും പ്രോത്സാഹനവും സംരക്ഷണവും (പുതിയ പദ്ധതി)

ബഡ്ജറ്റ് ശീർഷകം :- 2205-00-102-50 (പ്ലാൻ)

തുക : ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം)

പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം

കേരളത്തിലെ പരമ്പരാഗതമായ ഗോത്രകലയുടേയും സംസ്കാരത്തിന്റേയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗോത്രകലയുടേയും സംസ്കാരത്തിന്റേയും പ്രോത്സാഹനവും സംരക്ഷണവും. ഈ പദ്ധതിയിലൂടെ അപൂർവ്വ ഗോത്രകലാരൂപങ്ങളുടെ കലാപരിശീലനം, സ്റ്റേജ് ഷോകൾ, ഗവേഷണവും ഡോക്യുമെന്റേഷനും, സാംസ്കാരിക കൈമാറ്റം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പ് വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ ഈ പദ്ധതിക്കായി 10 ലക്ഷം രൂപ ചുവടെ ചേർത്തിരിക്കുന്ന വിവിധ ഘടകങ്ങൾക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഗവേഷണവും ഡോക്യുമെന്റേഷനും അപൂർവ്വ ഗോത്രകലാരൂപങ്ങളുടെ കലാപരിശീലനം, സ്റ്റേജ് ഷോകൾ, ഗവേഷണവും ഡോക്യുമെന്റേഷനും സാംസ്കാരിക കൈമാറ്റം യാത്രാനുബന്ധ ചെലവുകൾ | 10 |
| | **ആകെ** | **10** |

8. <u>നാട്ടരങ്ങ്</u>

<u>ബഡ്ജറ്റ് ശീർഷകം :- 2205-00-102-80 (പ്ലാൻ)</u>

<u>തുക : ₹100,00,000/- (ഒരു കോടി രൂപ മാത്രം)</u>

<u>പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം</u>

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവുകൾ: സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023 )**

| ക്രമ നം | ഇന വിവരം | തുക ( രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന് | 95.00 |
| 2 | നിർവ്വഹണ ഏജൻസിയ്ക്ക് തുക അനുവദിക്കുന്നതിന് മുൻപുള്ള സാങ്കേതിക പരിശോധനകൾ/ മറ്റിനങ്ങൾ , യാത്രാ ചെലവുകൾ | 5.00 |
| **ആകെ** | | **100.00** |

9.<u>ഫ്രീഡം മെമ്മോറിയൽ പാർക്ക്/സ്വാതന്ത്ര്യ സമര അനുസ്മരണ പാർക്ക്</u>

<u>ബഡ്ജറ്റ് ശീർഷകം: 4202-04-800-83 (പ്ലാൻ)</u>

തുക : ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം)

പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്: സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023 )**

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നിർമ്മാണം പൂർത്തിയായ സ്വാതന്ത്ര്യ സ്മൃതി പാർക്കിന്റെ അക്രഡിറ്റഡ് ഏജൻസിയ്ക്ക് ബാക്കി പ്രതിഫലം അനുവദിക്കുന്നതിനും ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനും, എസ്റ്റിമേറ്റ് തയ്യാറാക്കി (അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട്) പാർക്ക് നിർമ്മിക്കുന്നതിനും | 10 |
| **ആകെ** | | **10** |

**10. ശതാബ്ദി ആഘോഷങ്ങൾ ( പുതിയ പദ്ധതി)**

ബഡ്ജറ്റ് ശീർഷകം : 2205-00-102-45(പ്ലാൻ)

തുക : ₹20,00,000( ഇരുപത് ലക്ഷം രൂപ മാത്രം)

പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം

വൈക്കം സത്യാഗ്രഹത്തിന്റെയും ആലുവ സർവ്വമത സമ്മേളനത്തിന്റേയും ചരിത്രപരമായ പ്രാധാന്യം മാനിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കേരള ചരിത്രത്തിലെ ഇരുണ്ട കാലഘട്ടത്തിലെ പല അനാചാരങ്ങളെയും ഉന്മൂലനം ചെയ്യാൻ നവോത്ഥാന പ്രസ്ഥാനങ്ങൾ എങ്ങനെ സഹായിച്ചുവെന്നും ഇന്നത്തെ തലമുറയ്ക്ക് ഈ ശതാബ്ദി ആഘോഷങ്ങളിലൂടെ മനസിലാക്കാൻ കഴിയുന്നതാണ്. ഈ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ താഴെപ്പറയുന്ന പദ്ധതി

ഘടകങ്ങൾക്കായി വിനിയോഗക്കുന്നതിന് അനുമതി നൽകുന്നു.

| ക്രമ നം | ഇന വിവരം | തുക ( രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വൈക്കം സത്യാഗ്രഹത്തിന്റെയും ആലുവ സർവ്വമത സമ്മേളനത്തിന്റേയും പ്രചാരണാർത്ഥം വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിന് | 20 |
| **ആകെ** | | 20 |

11. **. സാംസ്കാരിക ഡയറക്ടറേറ്റ് സമുച്ചയ നിർമ്മാണം**

**ബഡ്ജറ്റ് ശീർഷകം: 4202-04-800-85 (പ്ലാൻ)**

**തുക : ₹100,00,000/- ( ഒരു കോടി രൂപ മാത്രം)**

**പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം**

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്: സ.ഉ.(സാധാ) നം.228/2023/സാം.കാ.വ. തീയതി 18.05.2023)**

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെ കണ്ടെത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനും | 40 |
| 2 | പ്രാരംഭ നിർമ്മാണ ചെലവുകൾ | 55 |
| 3 | മറ്റ് അനുബന്ധ ചെലവുകൾ | 05 |
| **ആകെ** | | 100 |

**12.വിവിധ കലാരൂപങ്ങൾക്കുള്ള ഫെല്ലോഷിപ്പുകൾ**

**ബഡ്ജറ്റ് ശീർഷകം: 2205-00-800-27 (പ്ലാൻ)**

<u>തുക : ₹25,00,000/- ( ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം)</u>

<u>പദ്ധതിനിർവ്വഹണ ഏജൻസി : സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം</u>

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്: സ.ഉ.(സാധാ) നം.475/2023/സാം.കാ.വ. തീയതി 15.09.2023)**

വിവിധ അക്കാദമികളുമായി കൂടിയാലോചിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കണമെന്ന നിബന്ധനയോടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നു.

| ക്രമ നം | ഇന വിവരം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഫെല്ലോഷിപ്പ് വിതരണം | 20 |
| 2 | വിദഗ്ദ സമിതി രൂപീകരണം, ഫെല്ലോഷിപ്പ് വിതരണ ചടങ്ങ് അനുബന്ധ ചെലവുകൾ | 5 |
| **ആകെ** | | 25 |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും.

1 . പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് പർച്ചേസുകൾ ( ഐ.ടി അനുബന്ധ സാമഗ്രഹികൾ ഉൾപ്പെടെ) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്കും IT Procurement മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടും വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

3. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവഹണ ഏജൻസിയ്ക്ക് നൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുന്നു. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറും

ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസിയും മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാഗുരുകുലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചീഫ് ,സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ, തിരുവനന്തപുരംധനകാര്യ വകുപ്പ് ( വിദ്യാഭ്യാസ (സി) വകുപ്പ് )
സാംസ്കാരികകാര്യ(ബി) വകുപ്പ് ( 04.05.2023 ലെ 62/ബി3/2024-സാം.കാ.വ നമ്പർ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (CLAD-C2/110/2024-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Mini T R
Date: 27-05-2024 16:23:54
സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ് - ന്
സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
സാംസ്കാരികകാര്യ(എ) വകുപ്പ്